ഉത്തരം

(എ ആന്റ് ബി) വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ടെക്നോപാർക്ക് ഐ. റ്റി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ചെയർമാനും, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യം, വ്യവസായം, ഐ.റ്റി. വകുപ്പുകളിലെ സെക്രട്ടറിമാർ, പ്ലാനിംഗ് ബോർഡ് മെമ്പർ എന്നിവർ അംഗങ്ങളായ ഗവേർണിംഗ് കൗൺസിലും, ഐ.റ്റി. സെക്രട്ടറി ചെയർപേഴ്സൺ, എക്സ്പെൻഡിച്ചർ സെക്രട്ടറി, വ്യവസായ വകുപ്പു സെക്രട്ടറി, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ എന്നിവർ മെമ്പർമാരായുള്ള പ്രൊജക്ട് ഇംപ്ലിമെന്റേഷൻ ബോർഡും ആണ് ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

(ഡി) ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികളുടെമേൽ സർക്കാരിനോ സർക്കാരിന്റെ അനുബന്ധ ഏജൻസികൾക്കോ നിയന്ത്രണം ഇല്ല.

ടെക്നോപാർക്കിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം

26 [456] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്ത് ടെക്നോപാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി നാളിതുവരെ സർക്കാർ എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്തിട്ടുണ്ട്;

(ബി) ഇതുവരെ ഈ സ്ഥലത്തുനിന്നും എത്ര ഏക്കർ വസ്തു വിവിധ കമ്പനികൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്;

(സി) ഇനി എത്ര ഏക്കർ വസ്തു അനുവദിച്ച് നൽകുവാനായി കിടപ്പുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്ത് ടെക്നോപാർക്ക് സ്ഥാപിക്കുന്നതിനായി ആറ്റിപ്ര വില്ലേജിൽ നിന്നും 60 ഹെക്ടറും ചെറുവയ്ക്കൽ വില്ലേജിൽ നിന്നും 44 ഹെക്ടറും കഴക്കൂട്ടം വില്ലേജിൽ നിന്നും 83 ഹെക്ടർ സ്ഥലവും അക്വയർ ചെയ്തിട്ടുണ്ട്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ.റ്റി. വ്യവസായ സംരംഭങ്ങൾക്കായി നിർമ്മിച്ച നില, പമ്പ, പെരിയാർ, ഭവാനി, ഗായത്രി തുടങ്ങിയ പത്തോളം കെട്ടിട സമുച്ചയങ്ങൾ, വിവിധ ഇലക്ട്രിക് സബ് സ്റ്റേഷനുകൾ, റോഡുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജല സ്രോതസുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉപയോഗിച്ചതു കൂടാതെ ഏകദേശം 54 ഏക്കർ സ്ഥലം വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

(സി) ഇനി ഏകദേശം 10 ഏക്കർ സ്ഥലം കമ്പനികൾക്ക് നൽകുവാനായി ബാക്കിയുണ്ട്.

ടെക്നോപാർക്ക് അതിന്റെ ഫണ്ട് സ്വകാര്യ ബാങ്കിൽ നിക്ഷേപിച്ച നടപടി

27 [457] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്ക് അതിന്റെ ഏതെങ്കിലും ഫണ്ട് ഏതെങ്കിലും സമയത്ത് സ്വകാര്യ ബാങ്കിൽ നിക്ഷേപിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര കോടി രൂപ എത്ര കാലത്തേക്ക് ഏത് സ്വകാര്യ ബാങ്കിൽ നിക്ഷേപിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ ബാങ്കിൽ ഫണ്ട് നിക്ഷേപിക്കാനിടയായ സാഹചര്യവും ദേശസാൽകൃത ബാങ്കിലേക്ക് പ്രസ്തുത തുക പിന്നീട് മാറ്റാനിടയായ സാഹചര്യവും എന്താണെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ഫണ്ട് നിക്ഷേപം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ക്രമരഹിതമായി പ്രവർത്തിച്ചവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കോടി രൂപ 15 ദിവസത്തേക്കും ഒരു കോടി രൂപ 90 ദിവസത്തേക്കും ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഇൻഡസ് ഇൻഡ് ബാങ്കിൽ നിക്ഷേപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly